**പതിനാറാം കേരളനിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 611** **13-10-2026-ൽ മറുപടിയ്ക്ക്**

**<u>ടെക്നോപാർക്കിലെ വൈദ്യുതി ലഭ്യത ഉറപ്പു വരുത്തുന്നതിന് നടപടി</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. വി. മുരളീധരൻ

ശ്രീ. സണ്ണി ജോസഫ്
(വൈദ്യുതി, പരിസ്ഥിതി - പാർലമെന്ററികാര്യ
വകുപ്പ് മന്ത്രി)

**(എ)** സ്ഥാപിതമായി 30 വർഷത്തിലേറെയായ കഴക്കൂട്ടത്തെ ടെക്നോപാർക്കിൽ അക്കാലത്ത് തന്നെ സ്ഥാപിച്ച 11 കെ.വി. വൈദ്യുതി സബ്സ്റ്റേഷനാണ് ഇപ്പോഴും നിലവിലുള്ളതെന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

**<u>മറുപടി:</u>** ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

കെ.എസ്.ഇ.ബി-യുടെ കഴക്കൂട്ടം 110 കെ.വി സബ്സ്റ്റേഷനിൽ നിന്നും നാല് 11 കെ.വി UG കേബിളുകൾ വഴി നേരിട്ടും, കഴക്കൂട്ടം സബ്സ്റ്റേഷനിൽ നിന്ന് ടെക്നോപാർക്ക് സബ്സ്റ്റേഷനിലേയ്ക്ക് 110 കെ.വി OH line മുഖേനയുമാണ് ടെക്നോപാർക്കിന് ആവശ്യമായ വൈദ്യുതി എത്തിക്കുന്നത്.

**(ബി)** ഇവിടെ 30 വർഷത്തിലേറെയായി ഉപയോഗത്തിലിരിക്കുന്ന ഭൂഗർഭ കേബിളുകളുടെ തകരാർ മൂലം ഇടയ്ക്കിടെ ഉണ്ടാകുന്ന വൈദ്യുതി തടസ്സം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് പരിഹരിക്കുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദാംശങ്ങൾ ലഭ്യമാക്കുമോ;

**<u>മറുപടി:</u>** കെ.എസ്.ഇ.ബി യുടെ നിയന്ത്രണത്തിലുള്ള കഴക്കൂട്ടം 110 കെ.വി സബ്സ്റ്റേഷനിൽ നിന്നുള്ള 11 കെ.വി UG കേബിളിനോ, 110 കെ.വി ലൈനിനോ വിതരണ ശൃംഖലയിലോ വൈദ്യുതി തടസ്സം ഉണ്ടായതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

**(സി)** ടെക്നോപാർക്കിൽ പുതുതായി ആരംഭിക്കുന്ന കമ്പനികൾക്ക് 11 കെ.വി. ലൈനിൽനിന്ന് നേരിട്ട് വൈദ്യുതി ലഭ്യമാക്കാൻ കഴിയാത്തതിനാൽ അവർ നേരിടുന്ന പ്രശ്നങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

**<u>മറുപടി:</u>** പ്രശ്നങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

കഴക്കൂട്ടം 110 കെ.വി സബ്സ്റ്റേഷനിൽ ടെക്നോപാർക്കിനു വേണ്ടി രണ്ട് 12.5 MVA 110/11 kV ട്രാൻസ്ഫോർമർ മാറ്റി രണ്ട് 20 MVA 110/11 kV ട്രാൻസ്ഫോർമർ സ്ഥാപിച്ച് ശേഷി വർദ്ധിപ്പിച്ചിട്ടുണ്ട്. ടെക്നോപാർക്കിലെ അധിക വൈദ്യുതി ആവശ്യകതയുമായി ബന്ധപ്പെട്ട് പോത്തൻകോട് 220 കെ.വി സബ്സ്റ്റേഷനിൽ നിന്നും കഴക്കൂട്ടം 110 കെ.വി സബ്സ്റ്റേഷനിലേയ്ക്കും അവിടെ നിന്നും ടെക്നോപാർക്ക് സബ്സ്റ്റേഷനിലേയ്ക്കും 110 കെ.വി ഭൂഗർഭ കേബിളുകൾ സ്ഥാപിച്ചിട്ടുണ്ട്.

**(ഡി)** ടെക്നോപാർക്കിലേക്ക് 22 കെ.വി. ലൈൻ മുഖേന വൈദ്യുതി ലഭ്യമാക്കാത്തതിനാൽ നേരിടുന്ന ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അവ പരിഹരിക്കുന്നതിനായി നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങൾ അറിയിക്കാമോ?

**മറുപടി:** 22 കെ.വി നിലവാരത്തിൽ വൈദ്യുതി ലഭ്യമാക്കുന്നതിനായി ടെക്നോപാർക്ക് മാനേജ്മെന്റ് ഇതുവരെ കെ.എസ്.ഇ.ബി.എൽ-മായി ബന്ധപ്പെട്ടിട്ടില്ല.

**സെക്ഷൻ ഓഫീസർ**